## സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

**(ഹാജർ: അനുപമ T.V IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ്)**

വിഷയം: -വനിത ശിശു വികസന വകുപ്പ് -ICPS -SCPS ഓപ്പൺ ഷെൽട്ടർ, ഫ്രീ ബേഡ്സ് (ഗേൾസ്) കോഴിക്കോട്, 2019-20 സാമ്പത്തിക വർഷത്തെ ഗ്രാന്റ് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. കോഴിക്കോട് DCPO-യുടെ കത്ത് നമ്പർ:DCPU/KKD/PO1/369(A)/19 തീയതി:25.01.2021

2. കേന്ദ്ര സർക്കാർ ഉത്തരവ് CW-II-22/30/2015-CW തീയതി 29/01/2020

### *ഉത്തരവ് നമ്പർ*-ICPS4(A)/513/21 *തീയതി*:18.02.2021

വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതി മുഖേന ഓപ്പൺ ഷെൽട്ടറുകൾക്ക് അനുവദിച്ചു വരുന്ന 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലേക്ക് അനുവദനീയമായ ഗ്രാന്റ് ലഭിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന Association for Welfare of Handicapped എന്ന സന്നദ്ധ സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്ന ഫ്രീ ബേഡ്സ് (ഗേൾസ്) ഓപ്പൺ ഷെൽട്ടർ ഹോമിന് പരാമർശം (1) സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തി കോഴിക്കോട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം കേന്ദ്ര സർക്കാർ ഓപ്പൺ ഷെൽട്ടർ ഹോമുകൾക്ക് 2019-20 സാമ്പത്തിക വർഷങ്ങളിലെ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ ഫ്രീ ബേഡ്സ് (ഗേൾസ്) ഓപ്പൺ ഷെൽട്ടർ ഹോമിന്റെ പ്രവർത്തനം വിലയിരുത്തി ICPS ഗൈഡ് ലൈൻ പ്രകാരം 2019-20 സാമ്പത്തിക വർഷം സ്ഥാപനത്തിന് ഗ്രാന്റ് ഇനത്തിൽ 10% NGO വിഹിതമായ 1,39,820/- രൂപ കുറച്ച് ബാക്കി തുകയായ 12,58,384/- രൂപ (പന്ത്രണ്ട് ലക്ഷത്തി അൻപത്തിഎട്ടായിരത്തി മുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) ഗ്രാന്റ് ഇനത്തിൽ അനുവദിച്ച് ഉത്തരവാക്കുന്നു.

ടി തുക 12,58,384/- രൂപ (പന്ത്രണ്ട് ലക്ഷത്തി അൻപത്തിഎട്ടായിരത്തി മുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) ഐ.സി.പി.എസ്-ന്റെ ഹെഡ് ഓഫ് അക്കൗണ്ട് ആയ 2235-02-102-61 (P) 34 OC യിൽ നിന്നും Association for Welfare of Handicapped-ന്റെ പേരിൽ State Bank of India, Kannur Road,Kozhikode Branch-Manachira ബ്രാഞ്ചിൽ നിലവിലുള്ള അക്കൗണ്ട് നമ്പർ 57023945999 IFSC- SBIN0070188-ലേക്ക് ട്രാൻസ്ഫർ ഓഫ് ക്രഡിറ്റ് ചെയ്തു നൽകേണ്ടതാണ്. സ്ഥാപന മേധാവി തുക കൈപ്പറ്റിക്കൊണ്ടുള്ള കൈപ്പറ്റ് രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വനിത ശിശു വികസനഡയറക്ടർ &
മെമ്പർ സെക്രട്ടറി, SCPS

THIRUVANANTHAPURAM- 12

**ഡയറക്ടർ**
ഫ്രീ ബേഡ്സ് (ഗേൾസ് ) ഓപ്പൺ ഷെൽട്ടർ
കോഴിക്കോട്

**പകർപ്പ്:**

1. ജില്ലാ ശിശു സംരക്ഷണ ഓഫീസർ,കോഴിക്കോട്
2. ICPS 4 (ചെക്ക് നൽകുന്നതിന് വേണ്ടി)
3. സ്റ്റോക്ക് ഫയൽ
4. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്